# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂലൈ 02

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## ജില്ലയിൽ പ്രളയത്തിൽ തകർന്ന 1292 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു

തൃശൂർ ജില്ലയിൽ കഴിഞ്ഞ വർഷത്തെ പ്രളയത്തിൽ തകർന്ന 1292 വീടുകളുടെ നിർമ്മാണം വിവിധ സ്കീമുകളിലായി പൂർത്തീകരിച്ചു. 3783 വീടുകളാണ് പ്രളയത്തിൽ ജില്ലയിൽ പൂർണ്ണമായി തകർന്നത്. ഈ വീടുകളുടെ നിർമ്മാണം ആറ് സ്കീമുകളിലായിട്ടാണ് നടക്കുന്നത്.

ഇതിൽ ഏറ്റവും പ്രധാനം ലൈഫ് മിഷനിൽ എന്ന പോലെ സ്വയം വീട് നിർമ്മിക്കുന്നതിന് ഗുണഭോക്താക്കൾക്ക് മൂന്ന് ഗഡുക്കളായി പണം നൽകുന്ന സ്കീമാണ്. സ്വയം വീട് നിർമ്മിക്കുന്നതിന് 2378 ഗുണഭോക്താക്കളാണ് മുന്നോട്ടുവന്നത്. ഇതിൽ 2378 പേർക്കും ആദ്യ ഗഡുവായി 95,100 രൂപ വീതം മൊത്തം 22.61 കോടി രൂപ നൽകി കഴിഞ്ഞു. 1719 കുടുംബങ്ങൾക്ക് രണ്ടാം ഗഡുവായി 1,52,450 രൂപ വീതം 26.20 കോടി രൂപ നൽകി. 1048 കുടുംബങ്ങൾക്ക് മൂന്നാം ഗഡുവായി 1,52,450 രൂപ വീതം 15.97 കോടി രൂപ നൽകി. ഇവയിൽ 786 വീടുകളുടെ നിർമ്മാണം പൂർത്തിയായി. ഇപ്രകാരം പൂർണ്ണമായി തകർന്ന വീടുകളുടെ പുനർ നിർമ്മാണത്തിനായി 69.64 കോടി രൂപ ജില്ലയിൽ വിതരണം ചെയ്തു കഴിഞ്ഞു.

രണ്ടാമത്തെ സ്കീം കെയർഹോം എന്ന പദ്ധതിയായി സഹകരണസംഘങ്ങൾ നടപ്പിലാക്കുന്നതാണ്. 500 വീട്ടുകാരാണ് തൃശൂർ ജില്ലയിൽ ഈ സ്കീം തെരഞ്ഞെടുത്തത്. ഇതിൽ 500 വീട്ടുകാർക്കും ഒന്നാം ഗഡുവായി 95,100 രൂപ വീതം 4.75 കോടി രൂപയിലധികം നൽകി. ഈ സ്കീം പ്രകാരം 374 വീടുകളുടെ പണി പൂർത്തീകരിച്ചു.

ഭൂമിയും വീടും നഷ്ടപ്പെട്ടവരായി 20 കുടുംബങ്ങൾ ഉണ്ട് ഇതിൽ 15 പേർക്ക് സ്ഥലം കണ്ടെത്തിക്കഴിഞ്ഞു. ഇവരുടെ വീടുപണി ത്വരിതഗതിയിൽ നടന്നുവരുന്നു. ബാക്കിയുള്ള അഞ്ചു പേർക്ക് വീട് വെക്കുന്നതിന് അനുയോജ്യമായ സ്ഥലം ഇവർ കണ്ടെത്തി റിപ്പോർട്ട് ചെയ്തയുടൻ ഇവർക്ക് സ്ഥലം വാങ്ങുന്നതിനായുള്ള ആറ് ലക്ഷം രൂപയും തുടർന്ന് വീട് നിർമ്മിക്കുന്നതിനായി നാല് ലക്ഷം രൂപയും അനുവദിക്കും.

പുറമ്പോക്ക് ഭൂമിയിൽ താമസിച്ചിരുന്ന 223 പേർക്ക് വീട് നഷ്ടപ്പെട്ടു. ഇവരിൽ മറ്റ് സ്വകാര്യ ഭൂമി കൈവശം ഉള്ളവരും നിവിലുള്ള പുറമ്പോക്ക് ഭൂമിയിൽ സ്വകാര്യ സഹായത്തോടെയും മറ്റും വീട് നിർമ്മാണം പൂർത്തീകരിച്ചതും അടക്കമുള്ള 49 പേർ കഴിച്ചുള്ള 174 പേരെയാണ് പുനരധിവസിപ്പിക്കേണ്ടിയിരുന്നത്. ഇവരിൽ 124 പേരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചു വരുന്നു. അപകടകരമായ സ്ഥലങ്ങളിൽ നിന്നും മാറ്റിപാർപ്പിക്കേണ്ടതായ 70 കുടുംബങ്ങളെയും മാറ്റിപാർപ്പിക്കുന്നതിനുള്ള ഭൂമി കണ്ടെത്തിക്കഴിഞ്ഞു. ഇവരുടെ വീടുപണി ത്വരിതഗതിയിൽ നടന്നുവരുന്നു. ഇതിനൊക്കെ പുറമേയാണ് വിവിധ സംഘടനകളും സ്ഥാപനങ്ങളും നേരിട്ട് സ്പോൺസർ ചെയ്ത് നിർമ്മിച്ചു കൊടുക്കുന്ന വീടുകൾ. ഇത്തരത്തിൽ 138 വീടുകളാണ് തൃശൂർ ജില്ലയിൽ ഉള്ളത്. ഇതിൽ എല്ലാ വീടുകളുടെയും പണി ആരംഭിച്ചു. 73 വീടുകളുടെ പണി പൂർത്തിയായി.

ജില്ലയിൽ പ്രളയത്തിൽ പൂർണ്ണമായി തകർന്ന 3783 വീടുകളിൽ പരിശോധന പൂർത്തിയാക്കിയ 2888പേർക്കും 95100 രൂപ വീതം മൊത്തം 27.46 കോടിയിലേറെ രൂപ ധനസഹായം വിതരണം ചെയ്തു. പ്രളയക്കെടുതിയിൽ വെള്ളം കയറിയ വീടുകൾക്കുള്ള അടിയന്തര ധനസഹായമായ 10,000 രൂപ 1,25,932 പേർക്ക് ജില്ലയിൽ നൽകി കഴിഞ്ഞു. ഈയിനത്തിൽ മൊത്തം 125.93 കോടി രൂപ വിതരണം ചെയ്തു. ജില്ലയിൽ പ്രളയം മൂലം ഭാഗികമായി നാശനഷ്ടം നേരിട്ട വീടുകളുടെ എണ്ണം 20874 ആണ്. ഇതിൽ 8557 വീടുകൾ 15 ശതമാനം നാശനഷ്ടം സംഭവിച്ചവയാണ്. ഇവരിൽ

8251 പേർക്ക് 10,000 രൂപ വീതം വിതരണം ചെയ്തു. 16-29 ശതമാനം നാശനഷ്ടം ഉണ്ടായിരുന്ന 4679 വീടുകളിൽ 4487 വീട്ടുകാർക്ക് 60,000 രൂപ വീതം നൽകിക്കഴിഞ്ഞു. 30-59 ശതമാനം നാശനഷ്ടം ഉണ്ടായ 4917 വീടുകളിൽ 4564 വീടുകൾക്ക് 1.25 ലക്ഷം രൂപ വീതം നൽകികഴിഞ്ഞു. ഇതുപോലെതന്നെ 60-74 ശതമാനം വരെ നാശനഷ്ടം ഉണ്ടായിരുന്ന 2721 വീടുകളിൽ 2418 വീടുകൾക്ക് 2.5 ലക്ഷം രൂപ വീതം നൽകി. ഇപ്രകാരം ഭാഗികമായി നാശനഷ്ടം ഉണ്ടായിരുന്ന 2721 വീടുകളിൽ 2418 വീടുകൾക്ക് 2.5 ലക്ഷം രൂപ വീതം നൽകി. ഇപ്രകാരം ഭാഗികമായി നാശനഷ്ടം സംഭവിച്ച ഇനത്തിൽ ജില്ലയിൽ മൊത്തം 159.79 കോടി രൂപ ധനസഹായമായി വിതരണം ചെയ്തു കഴിഞ്ഞു. ബാക്കിയുള്ളവ പരിശോധനയിൽ അർഹതയില്ലാത്തത്, ഇരട്ടിപ്പ് സംഭവിച്ചവ എന്നിവ നിരസിച്ചിട്ടുണ്ട്.

## വാഹനം വാടകയ്ക്ക് ആവശ്യമുണ്ട്

ജില്ലാ വനിതാ പ്രൊട്ടക്ഷൻ ഓഫീസിന് ജൂലൈ 2019 ജൂലൈ മുതൽ 2020 മാർച്ച് വരെ നിബന്ധനകൽക്ക് വിധേയമായി വാഹനം വാടകക്ക് നൽകുവാൻ താല്പര്യമുള്ള വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും മത്സര സ്വഭാവമുള്ള മുദ്രവെച്ച ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 15 ഉച്ചയ്ക്ക് രണ്ട്. ഫോൺ 8281999058.

## ലേലം

മുളുങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലുള്ള മരങ്ങൾ വെട്ടിയെടുക്കുന്നതിനുള്ള അവകാശ ലേലം ജൂലൈ 11ന് രാവിലെ 11ന് തൃശൂർ ഇറിഗേഷൻ സബ് ഡിവിഷൻ കാര്യലയത്തിൽ നടക്കും. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 3400 രൂപ നിരതദ്രവ്യം കെട്ടിവയ്ക്കണം.

## രുചിപ്പെരുമ തീർക്കാൻ തയ്യൂർ കുടുംബശ്രീ

രുചിപ്പെരുമകൊണ്ട് നേട്ടമായി വ്യത്യസ്തമാകുകയാണ് തയ്യൂർ ജയലക്ഷ്മി കുടുംബശ്രീയുടെ ഭക്ഷ്യയൂണിറ്റ്.  വ്യത്യസ്തമാർന്ന പപ്പടങ്ങൾ, കൊണ്ടാട്ടങ്ങൾ എന്നിവയാണ് ഇവരുടെ പ്രത്യേകത. ബീറ്റ്റൂട്ട്, കാരറ്റ്, പപ്പായ, മത്തങ്ങ, ചക്കക്കുരു, കുരുമുളക്, കപ്പ തുടങ്ങി പത്തുതരം പപ്പടങ്ങൾ, അരി, ചക്കക്കുരു, കയ്പ്പക്ക, ചക്ക, ഉണ്ണിപിണ്ടി, പയർ തുടങ്ങിയവയുടെ രുചിയേറും കൊണ്ടാട്ടങ്ങൾ, മസാലപ്പൊടികൾ, സാമ്പാർപ്പൊടി, രസപ്പൊടി, ചമ്മന്തിപ്പൊടി, ചക്കവരട്ടിയത്, വിവിധതരം അച്ചാറുകൾ തുടങ്ങിയവ എല്ലാം തന്നെ ജയലക്ഷ്മി യൂണിറ്റിൽ ലഭ്യമാണ്. കുടംബശ്രീ മുഖേന വിവിധ മേളകളിലും മറ്റുമായി യൂണിറ്റിലെ ഉൽപന്നങ്ങൾ പ്രദർശിപ്പിച്ചതു വഴി ഒരുപാട് ആവശ്യക്കാർ തയ്യൂരിലെ ജയലക്ഷ്മി യൂണിറ്റിനെ തേടിയെത്തുന്നു.

പലയിടങ്ങളിലെയും ഓർഡറുകൾ ഉൽപന്നങ്ങളുടെ ദൗർലഭ്യം മൂലം ഉപേക്ഷിക്കേണ്ട അവസ്ഥപോലും ജയലക്ഷ്മി യൂണിറ്റിന് ഉണ്ടായിട്ടുണ്ടെന്ന് യൂണിറ്റിന് നേതൃത്വം നൽകുന്ന ഗീതാ മോഹൻ പറയുന്നു. തുടക്ക കാലത്ത് അരി കൊണ്ടാട്ടത്തിലും, അരി പപ്പടത്തിലും മാത്രമായി ആരംഭിച്ച യൂണിറ്റ് വിപുലമാക്കാനുള്ള പ്രേരണ നൽകിയത് ഭർത്താവ് മോഹനനാണ്. പുതിയ പരീക്ഷണങ്ങൾ പ്രായോഗികമാക്കി മുന്നേറുകയായിരുന്നു ഈ സംരംഭക. ചക്ക വരട്ടിയത് 160 രൂപയ്ക്കും മറ്റു ഉൽപന്നങ്ങൾ തൂക്കത്തിനനുസരിച്ച് 50-60 രൂപ നിരക്കിലുമാണ് വിപണിയിലെത്തിക്കുന്നത്. കുടംബശ്രീക്കു കീഴിലായി നടക്കുന്ന മേളകളിലെ നിറസാന്നിധ്യം കൂടിയാണ് ജയലക്ഷ്മി യൂണിറ്റ്. കൂടാതെ ചെമ്പൂക്കാവിലെ അഗ്രോ ഹൈപ്പർ ബസാറിലും, ഗുരുവായൂർ ക്ഷേത്രനടയിലെ ചില സ്റ്റാളുകളിലും ജയലക്ഷ്മി യൂണിറ്റിലെ ഉൽപന്നങ്ങൾ ലഭ്യമാണ്. ഇതിനു പുറമെയായി ഓർഡറുകൾ സ്വീകരിച്ചും ഉൽപന്നങ്ങൾ ആവശ്യക്കാർക്കു എത്തിച്ചുകൊടുക്കുകയും ചെയ്യും. അച്ഛനും അമ്മയും ഭർത്താവും മകനുമുൾപ്പെടുന്ന കുടുംബത്തിന്റെ സജീവ പിന്തുണയും ഗീതയ്ക്കുണ്ട്.

## സ്കോളർഷിപ്പ് : അപേക്ഷ തിയതി നീട്ടി

കേരള മദ്രസാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായവരുടെ മക്കളിൽ 2018-19 അദ്ധ്യയന വർഷം എസ്.എസ്.എൽ.സി, പ്ലസ് ടു, തത്തുല്യ പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ച കുട്ടികൾക്കുള്ള സ്കോളർഷിപ്പിനായി അപേക്ഷിക്കാനുള്ള തീയതി ജൂലൈ 20 വരെ നീട്ടി. വെള്ളപേപ്പറിൽ മാനേജർക്ക് എഴുതിയ അപേക്ഷയോടൊപ്പം അംഗത്വകാർഡ്, വിഹിതം ഒടുക്കിയത് സംബന്ധിച്ച് രേഖകൾ, മാർക്ക് ലിസ്റ്റ്, അംഗത്തിന്റേയോ മക്കളുടേയോ ബാങ്ക് പാസ്സ് ബുക്ക്( സഹകരണ ബാങ്ക് ഒഴിച്ച്) എന്നിവയുടെ ഫോട്ടോ സ്റ്റാറ്റ് പകർപ്പ് വേണം. വിലാസം : മദ്രസാദ്ധ്യാപക ക്ഷേമനിധി ഓഫീസ്, പുതിയറ, കോഴിക്കോട്-4.

## വിദ്യാർത്ഥികൾക്ക് ധനസഹായം

പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന പ്രൈമറി/സെക്കന്ററി എഡ്യുക്കേഷൻ എയ്ഡ് പ്രകാരം ഗവ/എയ്ഡഡ് സ്കൂളുകളിൽ ഒന്നു മുതൽ എട്ടു വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളിൽ നിന്നും അദ്ധ്യയന വർഷാരംഭത്തിൽ പ്രാഥമിക പഠനാവശ്യങ്ങൾ നിർവഹിക്കുന്നതിലേയ്ക്കായി അപേക്ഷ ക്ഷണിച്ചു. വിദ്യാർത്ഥിക്ക് 2000 രൂപ നിരക്കിൽ ആനുകൂല്യം അനുവദിക്കും. വകുപ്പിന്റെ ഇ-ഗ്രാന്റ്സ് 3.0 സൈറ്റിൽ അപേക്ഷ സമർപ്പിക്കുന്നതിനായി ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർമാർക്ക് ഫോർവേർഡ് ചെയ്യുന്നതുമായിട്ടുള്ള നടപടികൾ ജില്ലയിലെ എല്ലാ സ്ഥാപനമേധാവികളും സമയബന്ധിതമായി എടുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുമായി ബന്ധപ്പെടണം. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തിയതി ജൂലൈ 15.

## ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളിൽ ശിശു സംരക്ഷണ സമിതി : ഡി പി സി

കുട്ടികളുടെ സംരക്ഷണം ലക്ഷ്യമാക്കി ജില്ലാ പഞ്ചായത്ത് നടത്തുന്ന ശിശു സംരക്ഷണ സമിതികൾ ഇനി മുതൽ ബ്ലോക്ക്, ഗ്രാമപപഞ്ചായത്ത് തലത്തിലും നടപ്പിലാക്കാൻ ജില്ലാ ആസൂത്രണ സമിതി തീരുമാനിച്ചു. സമിതികളുടെ പ്രവർത്തനങ്ങളുടെ ഭാഗമായി ബ്ലോക്ക്, ഗ്രാമപഞ്ചായത്തിലെ പ്രസിഡന്റുമാർ, വൈസ് പ്രസിഡന്റുമാർ, സ്ഥിരം സമിതി അധ്യക്ഷന്മാർ എന്നിവരുടെ യോഗം ജൂലൈ 15 ന് ഉച്ചയ്ക്ക് രണ്ടിന് ഡി പി സി ഹാളിൽ ചേരുമെന്ന് ഡി പി സി ചെയർപേഴ്സണും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമായ മേരി തോമസ് അറിയിച്ചു. തുടർന്ന് ബ്ലോക്ക് തലത്തിൽ സമിതികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിക്കും. പിന്നീട് ഗ്രാമപഞ്ചായത്തിലേക്കും ഇതു വ്യാപിപ്പിക്കും. ജില്ലാ പഞ്ചായത്തിലെ 70 ശതമാനം സ്പിൽ ഓവർ പ്രവൃത്തികളും ഡിസംബർ 15 നകം പൂർത്തിയാക്കി ബില്ലുകൾ സമർപ്പിക്കാനും യോഗം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. ഇതുമായി ബന്ധപ്പെട്ട് കരാറുകാരുടെ യോഗം ജൂലായ് അഞ്ചിന് വൈകീട്ട് മൂന്നിന് ജില്ലാ പഞ്ചായത്ത് ഹാളിൽ ചേരും. 2019-20 ലെ ജില്ലാ പഞ്ചായത്തിന്റെ ആദ്യ ടെണ്ടർ ജൂലായ് പത്തിന് നൽകുമെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് അറിയിച്ചു.

2019-20 വാർഷിക പദ്ധതി ഭേദഗതിയുടെ ഭാഗമായി ദേശമംഗലം ഗ്രാമപഞ്ചായത്ത് സമർപ്പിച്ച 182 പദ്ധതികൾക്ക് ഡി പി സി യോഗം അംഗീകാരം നൽകി. റിവിഷൻ പ്രകാരം ഏഴ് പദ്ധതികളും നിലവിൽ അംഗീകാരം ലഭിച്ച പുതിയ 130 പദ്ധതികളും സ്പിൽ ഓവർ പ്രകാരമുള്ള രണ്ട് പദ്ധതികളും അടക്കമാണിത്. ആകെ 81665671 രൂപയാണ് ഇവയുടെ അടങ്കൽ തുക. യോഗത്തിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് എൻ കെ ഉദയപ്രകാശ്, സ്ഥിരം സമിതി അധ്യക്ഷ ജെന്നി ജോസഫ്, അംഗങ്ങളായ കെ പി രാധാകൃഷ്ണൻ, ലില്ലി ഫ്രാൻസിസ്, ഡെപ്യൂട്ടി പ്ലാനിങ് ഓഫീസർ ഫാത്തിമ തുടങ്ങിയവർ പങ്കെടുത്തു.

## റിസർച്ച് അസിസ്റ്റന്റ് ഒഴിവ്

തൃശൂർ ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിനു കീഴിൽ പറവട്ടാനിയിലുള്ള എഡ്സിപി ജില്ലാ ക്ലിനിക്കൽ ലാബിലേയ്ക്ക് റിസർച്ച് അസിസ്റ്റന്റിനെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നു. എം.എ

സ്.സി മൈക്രോബയോളജി അല്ലെങ്കിൽ എം.എസ്.സി ബയോടെക്നോളജി ആണ് യോഗ്യത. പരമാവധി 179 ദിവസത്തേയ്ക്ക് കരാറടിസ്ഥാനത്തിലായിരിക്കും നിയമനം. നിയമിക്കപ്പെടുന്നവർക്ക് സർക്കാർ ഉത്തരവുപ്രകാരമുള്ള വേതനം ലഭിക്കുന്നതായിരിക്കും. താല്പര്യമുള്ളവർ തൃശൂർ പറവട്ടാനിയിലുള്ള ജില്ലാ വെറ്ററിനറികേന്ദ്രത്തിൽ ജൂലായ് എട്ടിന് രാവിലെ 10.30 ന് നടത്തുന്ന കൂടിക്കാഴ്ചയിൽ ഹാജരാകണം. ഫോൺ 0487-2361216.